**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് - പട്ടിമറ്റം ഷോപ്പിംഗ് കോംപ്ളക്സ് മൂന്നാംഘട്ട നിർമ്മാണത്തിന് കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 13,50,000/- (പതിമൂന്ന് ലക്ഷത്തി അമ്പതിനായിരം) രൂപ വായ്പയെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ (സാധാ)നം.2792 /13/തസ്വഭവ തിരുവനന്തപുരം, തീയതി: 13.11.2013.

==========================================================

പരാമർശം:-1) സ.ഉ (എം.എസ്)നം.147/2009/തസ്വഭവ തീയതി 29.07.2009.

2) 01.07.2011-ലെ സ.ഉ (സാധാ)നം.1576/2011/തസ്വഭവ.

3) 04.05.2013-ലെ സ.ഉ (സാധാ)നം.1203/2013/തസ്വഭവ.

4) കുന്നത്തുനാട് ഗ്രാമപഞ്ചായത്തന്റെ 27.11.2012-ലെ 8-)o നമ്പർ തീരുമാനവും 13.08.2013-ലെ 3(3)-)o നമ്പർ തീരുമാനവും.

5) കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ 28.05.2013-ലെ -ലെ കെ.യു.ആർ.ഡി.എഫ്.സി/ജി.പി/199/2011 നമ്പർ കത്ത്.

6) കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.07.2013-ലെ എ1- 1713/11 നമ്പർ കത്ത്.

## ഉത്തരവ്

കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ പട്ടിമറ്റം ഷോപ്പിംഗ് കോംപ്ളക്സിന്റെ ഒന്നാംഘട്ട നിർമ്മാണത്തിന് 18,75,00,000/- (പതിനെട്ട് ലക്ഷത്തി എഴുപത്തി അയ്യായിരം) രൂപ പരാമർശം (2) പ്രകാരവും ടി ഷോപ്പിംഗ് കോംപ്ളക്സിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് 18,00,000/- (പതിനെട്ട് ലക്ഷം) രൂപ പരാമർശം (3) പ്രകാരവും കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും വായ്പയെടുക്കുന്നതിന് അനുമതി നൽകിയിരുന്നു. കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പട്ടിമറ്റം ഷോപ്പിംഗ് കോംപ്ളക്സിന്റെ മൂന്നാംഘട്ട നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും 18,00,000/- (പതിനഞ്ച് ലക്ഷം) രൂപ വായ്പ എടുക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (5) പ്രകാരം കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോട് അപേക്ഷിച്ചിരുന്നു. നിബന്ധനകൾക്ക് വിധേയമായി 13,50,000/- (പതിമൂന്ന് ലക്ഷത്തി അമ്പതിനായിരം) രൂപ അനുവദിക്കുന്നതിന് സമ്മതപത്രം പരാമർശം (6) പ്രകാരം കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

(. . . .2)

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പട്ടിമറ്റം ഷോപ്പിംഗ് കോംപ്ളക്സിന്റെ മൂന്നാംഘട്ട നിർമ്മാണത്തിനായി പട്ടിമറ്റം വില്ലേജിലെ ബ്ളോക്ക് നം. 34-ൽ റീസർവ്വെ നം.59/14-ൽപ്പെട്ട 04.05 ആർ സ്ഥലം ജാമ്യമായി നൽകിക്കൊണ്ട് പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും 12% പലിശ നിരക്കിൽ 13,50,000/- (പതിമൂന്ന് ലക്ഷത്തി അമ്പതിനായിരം) രൂപ വായ്പ എടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സി. വൽസല**
ഗവ. ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി/ചെയർമാൻ, കുന്നത്തുനാട് ഗ്രാമപഞ്ചായത്ത്, എറണാകുളം.
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി., തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എൽ.ബി.എ &എ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ